**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4001** **06-08-2021 - ൽ മറുപടിയ്ക്ക്**

**കലാപൈതൃക സംരക്ഷണ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ വിഭാവനം ചെയ്ത കലാപൈതൃക സംരക്ഷണ കമ്മീഷൻ വഴി പൈതൃക സമുച്ചയങ്ങൾ, സ്മാരകങ്ങൾ, വാസ്തു വിദ്യാപ്രാധാന്യമുള്ള കെട്ടിടങ്ങൾ എന്നിവ നഗരാതിർത്തിക്കകത്ത് സംരക്ഷിക്കുന്ന പദ്ധതി നിലവിലുണ്ടോ; | (എ) | കലാപൈതൃക സംരക്ഷണ കമ്മീഷൻ സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിധിയിലാണ്. ആയതിനാൽ പ്രസ്തുത വകുപ്പിൽ നിന്നും വിവരം ശേഖരിക്കേണ്ടതുണ്ട്. |
| (ബി) | തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം നഗരസഭയ്ക്കകത്തെ കോവിലകവും, ചിറയും ദാരുശില്പങ്ങളും കൊത്തുപണികളും ഉൾപ്പെടെയുള്ളവ സംരക്ഷിക്കാൻ നടപടികൾ ഉണ്ടാകുമോ; കാസർഗോഡ് ജില്ലയിലെ സാംസ്കാരിക കേന്ദ്രമായി അറിയപ്പെടുന്ന ഇവിടെ തദ്ദേശസ്വയംഭരണ വകുപ്പ് വഴി നഗരാസൂത്രണം നടത്താൻ നടപടികൾ ഉണ്ടാകുമോ ? | (ബി) | തൃക്കരിപ്പൂർ മണ്ഡലത്തിൽപ്പെടുന്ന നീലേശ്വരം കോവിലകവും മറ്റും വിലനൽകി ഏറ്റെടുത്ത് പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള പുരാവസ്തു വകുപ്പിന്റെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിവരം പ്രസ്തുത വകുപ്പിൽ നിന്ന് ശേഖരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ